## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2120 — 05.05.2017 ന് മറുപടിയ്ക്ക്.

## വന്യജീവി ആക്രമണത്തിൽ നാശനഷ്ടമുണ്ടാകുന്നവർക്കുള്ള സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വന്യമൃഗത്തിന്റെ ആക്രമണം മൂലം കൃഷിയിലും മറ്റും നാശനഷ്ടമുണ്ടാകുന്നവർക്ക് ഇപ്പോൾ ലഭിച്ചു വരുന്ന സാമ്പത്തിക സഹായം തുച്ഛമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ;<br><br>(ബി) ഉണ്ടെങ്കിൽ അവ വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന ജീവനാശത്തിന് മുമ്പ് നൽകിയിരുന്നത് 3 ലക്ഷം രൂപയായിരുന്നു. ആയത് 2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപയും വനത്തിനു പുറത്തുവെച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപയുമാക്കി വർദ്ധിപ്പിച്ചിട്ടുമുണ്ട്. മനുഷ്യർക്കുണ്ടാകുന്ന പരിക്ക്, സ്ഥിരമായ അംഗവൈകല്യം, കന്നുകാലികൾക്കും, വീടുകൾക്കും തുടങ്ങി മറ്റു നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നൽകി വന്നിരുന്ന നഷ്ടപരിഹാരതുക 2013-ൽ വർദ്ധിപ്പിക്കുകയും പരമാവധി 75,000/- രൂപയാക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ വർഷത്തിൽ പരമാവധി 4 തവണ വരെ നഷ്ടപരിഹാരത്തിന് ഒരു വ്യക്തിക്ക് അപേക്ഷിക്കാവുന്നതാണ്. |
| (സി) ഇല്ലെങ്കിൽ അവ വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ